## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## തൊഴിലുറപ്പ് പദ്ധതി

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5313 — 23-05-2017-ൽ മറുപടിക്ക്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്**<br>**പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ**<br>**ശ്രീ. പി. ഉബൈദുള്ള** | | **ഡോ. കെ.ടി. ജലീൽ**<br>(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി) | |
| (എ) | തൊഴിലുറപ്പ് പദ്ധതി ജനോപകാരപ്രദമായി നടപ്പാക്കുന്നതിന്റെ ഭാഗമായി ഈ സർക്കാർ നിലവിൽ വന്ന ശേഷം പദ്ധതി പ്രവർത്തനത്തിൽ എന്തെങ്കിലും മാറ്റം വരുത്തുകയുണ്ടായോ; | (എ) | ഉണ്ട് |
| (ബി) | വരൾച്ച നേരിടുന്നതുമായി ബന്ധപ്പെട്ട് തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനം ഈ വർഷത്തിൽ ഏതു വിധത്തിൽ ഉപയോഗപ്പെടുത്തി എന്ന് വ്യക്തമാക്കുമോ; | (ബി) | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള ജലസ്രോതസ്സുകൾ തൊഴിലുറപ്പ് പദ്ധതി മുഖേന സംരക്ഷിക്കുന്ന പ്രവൃത്തികൾ പുരോഗമിച്ചുവരുന്നു.ഇവയിൽ കുളങ്ങളുടെ നവീകരണം, പുഴകളുടെ പുനരുജ്ജീവനം,കിണർ റീചാർജിംഗ് എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ സ്വകാര്യവ്യക്തികളുടെ ഭൂമിയിൽ മഴക്കുഴികൾ നിർമ്മിക്കാനും തീരുമാനിച്ചിട്ടുണ്ട്. |
| (സി) | കൈയ്യേറി ഉപയോഗശൂന്യമാക്കിയതും മാലിന്യം നിറച്ച് ഉപയോഗയോഗ്യമല്ലാതാക്കിയതുമായ എത്ര പരമ്പരാഗത ജലസ്രോതസ്സുകൾ ഈ പദ്ധതിയിലൂടെ പുനരുദ്ധരിച്ച് ഉപയോഗ്യയോഗ്യമാക്കാനായി എന്നതിന്റെ വിശദവിവരം വെളിപ്പെടുത്തുമോ ? | (സി) | 2016-17 സാമ്പത്തിക വർഷം പരമ്പരാഗത പൊതുജലസ്രോതസ്സുകൾ ഉൾപ്പെടെയുള്ളവയുടെ നവീകരണത്തിനായി 24247 പ്രവൃത്തികൾ പൂർത്തീകരിച്ചു. 2017-18 സാമ്പത്തികവർഷത്തിൽ പരമ്പരാഗത പൊതുജലസ്രോതസ്സുകളുടെ നവീകരണത്തിന്റെ ഭാഗമായി 5998 പ്രവൃത്തികൾ നടന്നു വരുന്നു. ഇവയിൽ ഉപയോഗശൂന്യമായി കിടക്കുന്ന പൊതുകുളങ്ങൾ, നീർച്ചാലുകൾ,തോടുകൾ,തടാകങ്ങൾ എന്നിവയും ഉൾപ്പെടുന്നു. കൂടാതെ 2016-17-ൽ 14924 മൈക്രോ ഇറിഗേഷൻ പ്രവൃത്തികൾ പൂർത്തീകരിക്കുകയും 3698 പ്രവൃത്തികൾ പുരോഗമിച്ച് വരുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**